പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1825 11.02.2013 - ൽ മറുപടിയ്ക്ക്

**'സ്നേഹപൂർവ്വം' പദ്ധതി**

ചോദ്യം
ശ്രീ. സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | 'സ്നേഹപൂർവ്വം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) | വിവിധ സാഹചര്യങ്ങളിൽ മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയും ജീവിച്ചിരിക്കുന്നയാൾക്ക് കുട്ടികളെ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുന്നതിന് സാധിക്കാതെ വരികയും ചെയ്യുന്ന സന്ദർഭങ്ങളിൽ അത്തരം കുട്ടികളെ അനാഥാലയങ്ങളിൽ സംരക്ഷിക്കാതെ സ്വഭവനങ്ങളിൽ/ബന്ധുഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുന്നതിന് ഉതകുന്ന തരത്തിൽ ആവശ്യമായ പ്രതിമാസ ധന സഹായം നൽകുന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം . |
| (ബി)<br><br><br><br>(സി) | മാതാപിതാക്കൾ ഇല്ലാത്ത വിദ്യാർത്ഥികളുടെ ക്ഷേമത്തിനായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;<br><br>പ്രസ്തുത പദ്ധതി ഏതെല്ലാം വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായാണു നടപ്പാക്കിവരുന്നത്; | (ബി) യും (സി) യും | സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന ബി.പി.എൽ. കുട്ടികൾക്ക് പുറമെ ഗ്രാമപ്രദേശങ്ങളിൽ 20,000/- രൂപ വരെയും നഗരപ്രദേശങ്ങളിൽ 22,375/- രൂപ വരെയും കുടുംബ വാർഷിക വരുമാനമുള്ള കുട്ടികളെയും ഇത്തരം കുടുംബങ്ങളിലെ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം ധനസഹായം അനുവദിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതി കോളേജു തലത്തിലേയ്ക്കു വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | പ്രസ്തുത പദ്ധതി കോളേജ് തലത്തിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 1000/- രൂപ വീതം പ്രതിമാസം ധനസഹായം നൽകുന്നതാണ്. |

R. Vijayan

സെക്ഷൻ ഓഫീസർ